സാങ്കേതിക സർവ്വകലാശാലയുമായി ചേർന്ന് ഇതുസംബന്ധിച്ച ഗവേഷണങ്ങൾ നടത്തി വരുന്നതായി അറിയുന്നു. ഇവ കൂടാതെ സോപ്പ്, ഷാംപൂ, ഷേവിംഗ്ക്രീം എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രധാന അസംസ്കൃത വസ്തുവായി വെളിച്ചെണ്ണ ഉപയോഗിച്ചു വരുന്നു. പാൽപ്പൊടി, വനസ്പതി, ഐസ്ക്രീം, മധുരപലഹാരങ്ങൾ, ബിസ്ക്കറ്റ് തുടങ്ങിയവ ഉണ്ടാക്കുന്നതിനും വെളിച്ചെണ്ണ ഉപോഗിച്ചുവരുന്നു. കൊഴുപ്പും എണ്ണകളും ചേർത്ത് നിർമ്മിക്കുന്ന 'മാർഗറിൻ' എന്ന ഉല്പന്നത്തിന്റെ ഒരു പ്രധാന ഘടകമായും വെളിച്ചെണ്ണ ഉപയോഗിക്കാമെന്ന് കണ്ടത്തിയിട്ടുണ്ട്.

(സി & ഡി) കണക്കാക്കിയിട്ടില്ല.

പഴം, പച്ചക്കറി ഫാമുകൾ തുടങ്ങാൻ നടപടി

5 (*215) ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയറ്റുമതി ചെയ്യാനുള്ള ഉദ്ദേശത്തോടുകൂടി പഴം, പച്ചക്കറി ഫാമുകൾ തുടങ്ങാൻ ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ ഏതുഫാമുകൾ എവിടെയെല്ലാം തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇവ തുടങ്ങുന്നത് സ്വകാര്യമേഖലയിലാണോ എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇത്തരം സംരംഭങ്ങൾക്ക് എന്തെല്ലാം സഹായം നൽകും എന്ന് വിശദമാക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഉണ്ട്.

(ബി-ഡി) സ്വകാര്യമേഖലയിലും സർക്കാർ മേഖലയിലും ഫാമുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു. വിശദാംശങ്ങൾക്ക് അന്തിമരൂപം നൽകിവരുന്നു.

'വാറ്റ്' നിയമം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ

6 (*216) ശ്രീ. എ. സി. ഷൺമുഖദാസ് :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. സി. കെ. നാണു :
ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് പാസ്സാക്കിയ 'വാറ്റ്' നിയമം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly